പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2014-2016)

## ആറാമത് റിപ്പോർട്ട്

**(വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ—കണ്ണൂർ ജില്ല)**

(2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി
## (2014–2016)

## ആറാമത് റിപ്പോർട്ട്

**(വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ—കണ്ണൂർ ജില്ല)**

(2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്)

567/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. എ. എ. അസീസ്, എം. എൽ. എ.

,, ബി. ഡി. ദേവസ്സി, എം. എൽ. എ.

,, വർക്കല കഹാർ, എം. എൽ. എ.

,, കെ. കുഞ്ഞിരാമൻ (ഉദുമ), എം. എൽ. എ.

,, കെ. മുഹമ്മദുണ്ണി ഹാജി, എം. എൽ. എ.

,, എസ്. രാജേന്ദ്രൻ, എം. എൽ. എ.

,, കെ. രാജു, എം. എൽ. എ.

,, തേറമ്പിൽ രാമകൃഷ്ണൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റി. ജി. റിജു, അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജീവിത സായാഹ്നത്തിൽ വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി സർക്കാർ തലത്തിൽ, വിവിധ വകുപ്പുകൾ വഴി നടപടി സ്വീകരിച്ചുവരുന്നുണ്ട്. വയോജന ക്ഷേമത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ കാര്യക്ഷമതയും അവ മുതിർന്ന പൗരൻമാർക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്ന വസ്തുതയും പരിശോധിക്കുന്നതിന്റെ ഭാഗമായി മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16), 2014 നവംബർ 26-ാം തീയതി കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ യോഗം ചേരുകയും ജില്ലയിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെയും ജില്ലാതല ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ, സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 മേയ് 13-ാം തീയതി ചേർന്ന സമിതിയുടെ യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

 റ്റി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

പൊതുജനാരോഗ്യരംഗത്ത് ആഗോള-ദേശീയ പ്രതിഭാസങ്ങളുടെ ഭാഗമായും, കേരളത്തിൽ ജനകീയ സർക്കാരുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക-സാമ്പത്തിക സുരക്ഷിതത്വ പദ്ധതികളുടെയും പൊതുജനാരോഗ്യ സുരക്ഷാ നടപടികളുടെയും ഫലമായും സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. 1961-ൽ മുതിർന്നവരുടെ സംഖ്യ 25.6 ദശലക്ഷം ആയിരുന്നു. 1991-ൽ അത് ഇരട്ടിയിലധികമായി വർദ്ധിച്ച് 56.7 ദശലക്ഷമായി. 25 വർഷം കൊണ്ട് 2016-ൽ അത് വീണ്ടും ഇരട്ടിക്കുമെന്ന് കണക്കാക്കപ്പെടുന്നു. പ്രായത്തിന്റെ അവശത, ശാരീരിക-മാനസിക പ്രശ്നങ്ങൾ, രോഗപീഢകൾ, ഏകാന്തത, നഷ്ടബോധം, ഒറ്റപ്പെടൽ, നിസ്സഹായത എല്ലാത്തിലുമുപരി, ഉറ്റവരുടെ അവഗണനയും നീരസവും എന്നിങ്ങനെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. വിവിധ സാമൂഹിക, സാമ്പത്തിക, ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കേണ്ടിവരുന്ന ആകെ ജനസംഖ്യയിൽ ഏകദേശം 20% വരുന്ന മുതിർന്ന പൗരന്മാരുടെ ഒരു ജനവിഭാഗം സംസ്ഥാനത്ത് നിലവിൽ വന്നു കഴിഞ്ഞു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ മുതിർന്നവരുടെ സംഖ്യ ശീഘ്രഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിലെന്ന പോലെ കേരളത്തിലും പൊതുവായ ജനസംഖ്യാവർദ്ധനയുടെ നിരക്കിനെക്കാളധികമാണ് മുതിർന്നവരുടെ വർദ്ധന. ശിശുസംരക്ഷണത്തിലെന്ന പോലെതന്നെ മുതിർന്നവരുടെ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതായി വരുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും അണുകുടുംബങ്ങളുടെ വ്യാപനവും ഗ്രാമങ്ങളിൽനിന്നും ജനങ്ങൾ പട്ടണങ്ങളിലേക്കും നഗരങ്ങളിലേക്കും കുടിയേറുന്നതും ഇൻഫർമേഷൻ ടെക്നോളജി പോലുള്ള തൊഴിൽ മേഖലകളുടെ വളർച്ചയും കാർഷിക മേഖലയുടെ തകർച്ചയും വ്യവസായ പുരോഗതിയും എല്ലാത്തിനും ഉപരി മുതിർന്നവർ സംരക്ഷിക്കപ്പെടേണ്ടവരാണെന്ന ബോധം യുവതലമുറയിൽപ്പെട്ടവർക്ക് ഇല്ലാതെ പോയതും മുതിർന്ന ജനങ്ങളുടെ പ്രശ്നങ്ങൾ രൂക്ഷമാക്കി. ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഈ ഗുരുതരമായ പ്രശ്നത്തെ അതിന്റെ സാമൂഹിക, സാമ്പത്തിക, മാനസിക തലങ്ങളിൽ വിശകലനം ചെയ്യാനും പരിഹാര നടപടികൾ സ്വീകരിക്കാനും ജനകീയ സർക്കാരുകൾ പ്രതിജ്ഞാബദ്ധരാണ്. അതിന്റെ ഭാഗമായാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് കേരള നിയമസഭ 2010 ജൂലൈ 31-ന് രൂപം നൽകിയത്.

2. മുതിർന്ന പൗരന്മാരുടെ ക്ഷേമം, സുരക്ഷിതത്വം എന്നിവ ലക്ഷ്യമാക്കി സർക്കാരും സർക്കാരിതര സന്നദ്ധ സംഘടനകളും വ്യക്തികളും വളരെയധികം സേവന പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങളെയും പദ്ധതികളെയും സംബന്ധിച്ച് വിലയിരുത്തുന്നതിനും ഉദ്യോഗസ്ഥർക്കും മറ്റ് ബന്ധപ്പെട്ടവർക്കും ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനുമായി സമിതിയുടെ യോഗങ്ങൾ വിവിധ ജില്ലകളിൽ ചേരുകയും അവിടങ്ങളിലെ വൃദ്ധസദനങ്ങൾ, ആതുരാലയങ്ങൾ എന്നിവ സമിതി സന്ദർശിക്കുകയും ചെയ്യാറുണ്ട്. അത്തരം സന്ദർശനങ്ങളുടെ ഭാഗമായി 2014 നവംബർ മാസം 26-ാം തീയതി സമിതി കണ്ണൂർ ജില്ല സന്ദർശിക്കുകയും കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ചെയ്തു. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി, കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകൾ

നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു.

## കണ്ടെത്തലുകളും ശിപാർശകളും

3. 1996 ഏപ്രിൽ 18-ന് കണ്ണൂർ ജില്ലയിലെ പന്നേൽ പാറയിൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സർക്കാർ വൃദ്ധമന്ദിരം ജില്ലയിലെ ചാലിൽ നൂറ് പേർക്ക് താമസിക്കാനുള്ള സ്ഥലസൗകര്യത്തോടുകൂടി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് 19-6-2003-ന് മാറ്റുകയും നിലവിൽ 28 പുരുഷന്മാരും 36 സ്ത്രീകളും ഉൾപ്പെടെ 64 വയോജനങ്ങൾ താമസിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇവിടെ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാലും സേവനമനുഷ്ഠിക്കുന്ന 11 ജീവനക്കാരിൽ ആറുപേർ മാത്രം സ്ഥിരം ജീവനക്കാരും മറ്റുള്ളവർ താൽക്കാലിക ജീവനക്കാരുമാകയാലും വൃദ്ധസദനത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് സമിതി വിലയിരുത്തുന്നു. മേട്രൻ, മെയിൽ അറ്റന്റർ, ഫീമെയിൽ അറ്റന്റർ എന്നിവരുടെ ജോലി സമയം 24 മണിക്കൂർ ആയതിനാൽ പി.എസ്.സി.-യിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സ്ഥാപനത്തിൽ ജോലി ചെയ്യുവാൻ താൽപ്പര്യപ്പെടുന്നില്ല. പ്രസ്തുത ജീവനക്കാരുടെ ജോലി സമയത്തിൽ മാറ്റം വരുത്തുകയാണെങ്കിൽ അത് സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉപകരിക്കുമെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, മേട്രൺ, മെയിൽ അറ്റന്റർ, ഫീമെയിൽ അറ്റന്റർ, വാച്ച്മാൻ എന്നിവരുടെ ജോലിസമയം എട്ട് മണിക്കൂറായി ക്ലിപ്തപ്പെടുത്തി മതിയായ ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. വൃദ്ധസദനത്തിലെ അന്തേവാസികളിലാർക്കെങ്കിലും അസുഖം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട സാഹചര്യത്തിൽ രോഗികളോടൊപ്പം സഹായികളില്ലെങ്കിൽ ചികിത്സ നൽകാൻ ആശുപത്രി അധികാരികൾ വിസമ്മതിക്കുന്ന സന്ദർഭങ്ങളുണ്ടെന്ന് മനസ്സിലാക്കിയ സമിതി, ഇത്തരം സന്ദർഭങ്ങളിൽ അന്തേവാസികളായ രോഗികളുടെ സഹായത്തിനായി കുടുംബശ്രീ പ്രവർത്തകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

5. കണ്ണൂർ സർക്കാർ വൃദ്ധമന്ദിരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനമായതിനാൽ അതിന്റെ നടത്തിപ്പിന്റെ ചുമതല ബ്ലോക്ക് പഞ്ചായത്തും ജീവനക്കാരുടെ കാര്യം സാമൂഹ്യനീതി വകുപ്പുമാണ് നോക്കിവരുന്നത്. സ്ഥാപനത്തിന്റെ വൈദ്യുതി, ടെലിഫോൺ ചാർജ്ജുകൾക്ക് ആവശ്യമായ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ലഭിക്കുന്നു. കണ്ണൂർ ജില്ലയിൽ മുതിർന്ന പൗരന്മാർക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ഓൾഡ് ഏജ് ഹോം ഗ്രാന്റ് എന്ന പദ്ധതി ഇനത്തിൽ 1205 പേർക്കായി 62,92,489 രൂപ ലഭിച്ചിട്ടുണ്ടെന്നും കൂടാതെ വയോജന പകൽ വിശ്രമ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. അഴീക്കോട് മണ്ഡലത്തിലെ നിയമസഭാംഗം ശ്രീ. കെ. എം. ഷാജി, എം.എൽ.എ.യുടെ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് വൃദ്ധമന്ദിരത്തിനായി വാങ്ങി നൽകിയ ആംബുലൻസ് വാൻ വൃദ്ധമന്ദിരത്തിന് മുതൽക്കൂട്ടാണെന്നും ഇത്തരം

പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സമിതി അഭിപ്രായപ്പെട്ടു. സർക്കാരിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ചു കിട്ടാത്തതിനാൽ ആംബുലൻസിന്റെ സുഗമമായ പ്രവർത്തനം നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ വെളിപ്പെടുത്തി. പ്രസ്തുത വാനിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും അതിന്റെ സേവനം അന്തേവാസികൾക്ക് സ്ഥിരമായി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിലിന്റെ സഹായത്തോടുകൂടി വൃദ്ധസദനത്തിൽ 1300-ലധികം പുസ്തകങ്ങളുള്ള ലൈബ്രറി ആരംഭിച്ചത് അന്തേവാസികളുടെ മാനസിക-ബൗദ്ധിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വളരെ സഹായകരമാണെന്നും, ആയത് അനുകരണീയമായ മാതൃകയാണെന്നും അഭിപ്രായപ്പെട്ട സമിതി, ആരോഗ്യവും താൽപ്പര്യവുമുള്ളവർക്ക് പരിശീലനം ലഭിക്കുന്ന തരത്തിലുള്ള സ്വയംതൊഴിൽ പദ്ധതികൾ (ഉദാ:—വിളക്കുതിരി നിർമ്മാണം) സ്ഥാപനത്തിൽ നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

7. സർക്കാർ വൃദ്ധമന്ദിരം കൂടാതെ, കണ്ണൂർ ജില്ലയിൽ സ്വകാര്യ വ്യക്തികളും സന്നദ്ധ സംഘടനകളും ധാരാളം വൃദ്ധമന്ദിരങ്ങളും അഗതിമന്ദിരങ്ങളും നടത്തിവരുന്നതായും ഇത്തരം സംഘടനകൾക്ക് സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി ധാരാളം പണം ലഭിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുകയുടെ വരവുചെലവ് സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് ഓഡിറ്റ് നടത്തണമെന്നും, ലഭിക്കുന്ന തുക അന്തേവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തണമെന്നും അന്തേവാസികളെ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നും പ്രസ്തുത രേഖകൾ ബന്ധപ്പെട്ടവർ കർശന പരിശോധനകൾക്ക് വിധേയമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. കണ്ണൂർ ജില്ലയിലെ നഗരസഭാ പ്രദേശങ്ങളിലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി വിശ്രമ കേന്ദ്രങ്ങൾ, പകൽ വിശ്രമകേന്ദ്രങ്ങൾ, വിനോദവിജ്ഞാന കേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽ വാർദ്ധക്യകാല പെൻഷൻ മാത്രമാണ് പൂർണ്ണമായും വിതരണം ചെയ്തതെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്നും സമിതി മനസ്സിലാക്കി. വളരെ പ്രധാനപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതും പ്രവർത്തനസജ്ജമാക്കാത്തതും അക്ഷന്തവ്യമായ തെറ്റാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

9. കണ്ണൂർ ജില്ലയിൽ നിലവിലുള്ള പകൽ വിശ്രമ കേന്ദ്രങ്ങളും വിനോദ വിജ്ഞാന കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും വർദ്ധിച്ചുവരുന്ന മുതിർന്ന ജനവിഭാഗത്തിന് ഉപയോഗിക്കാൻ അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ട സമിതി, എല്ലാ പഞ്ചായത്തുകളിലും ഇത്തരം വൃദ്ധസദനങ്ങൾ സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്യുന്നു. മാത്രമല്ല, ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതോ പദ്ധതി നിർവ്വഹണം ആരംഭിച്ചതോ ആയ ഇരിക്കൂർ, എടക്കാട്, പാനൂർ, തലശ്ശേരി, പേരാവൂർ, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ

എന്നീ ബ്ലോക്കുകളിലെ വയോജന വിശ്രമ കേന്ദ്രങ്ങളുടെയും പകൽവീടുകളുടെയും മറ്റ് പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും, നിർദ്ദിഷ്ട ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ തുടരാൻ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രദേശത്തെ മുതിർന്ന ജനവിഭാഗങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന പ്രസ്തുത പദ്ധതി, കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം യഥാവിധി നടപ്പിലാക്കി, അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ആക്ട്, 2007 പ്രകാരം രൂപീകൃതമായ മെയിന്റനൻസ് ട്രൈബ്യൂണൽ തലശ്ശേരി സബ്കളക്ടറുടെ കാര്യാലയത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുവരികയാണെന്നും വളരെ കാര്യക്ഷമമായ രീതിയിൽ ട്രൈബ്യൂണൽ പ്രവർത്തിച്ചുവരുന്നുവെന്നും സമിതി മനസ്സിലാക്കി. കണ്ണൂരിലെ സർക്കാർ വൃദ്ധസദനത്തിലെ അന്തേവാസികളുടെ ക്ഷേമത്തിനായി ആരംഭിച്ച 'സസ്നേഹം' പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സർക്കാർ വൃദ്ധസദനവും മറ്റു വൃദ്ധസദനങ്ങളും സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ട്രൈബ്യൂണൽ തീരുമാനിച്ചിട്ടുണ്ടെന്നും എല്ലാ വ്യാഴാഴ്ചകളിലും ഓഫീസ് സമയം മുഴുവൻ ട്രൈബ്യൂണൽ സിറ്റിംഗ് നടത്തിവരുന്നുണ്ടെന്നും, ഓരോ സിറ്റിംഗിലും ഇരുപതിലധികം കേസുകൾ പരിഗണിച്ച് വരുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു. എന്നാൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തത് പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നതിനാലും അപേക്ഷകർക്ക് യഥാസമയം നീതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാലും ആവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. നിലവിൽ ജില്ലയുടെ തെക്കേ അറ്റത്തായി ട്രൈബ്യൂണൽ സ്ഥിതി ചെയ്യുന്നതിനാൽ അവശരും രോഗികളും അശരണരുമായ മുതിർന്നവർക്ക് മറ്റ് ഭാഗങ്ങളിൽ നിന്നും 60 മുതൽ 80 കിലോ മീറ്റർ വരെ യാത്ര ചെയ്ത് ട്രൈബ്യൂണലിൽ എത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത്തരം ജനവിഭാഗങ്ങൾക്ക് വളരെ ദൂരം യാത്ര ചെയ്ത് ട്രൈബ്യൂണലിൽ എത്താൻ സാധിക്കാതെ വരുന്നതിനാൽ പലപ്പോഴും അർഹമായ നീതിയും സംരക്ഷണവും ലഭിക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായും അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്തും ജില്ലയുടെ മറ്റൊരു ഭാഗത്തുള്ള ആർ.ഡി.ഒ. ഓഫീസിൽ ഒരു ട്രൈബ്യൂണൽ കൂടി സ്ഥാപിച്ച് മുതിർന്ന ജനവിഭാഗങ്ങൾക്ക് നീതിയും സുരക്ഷിതത്വവും ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ട്രൈബ്യൂണൽ ആക്ട്, 2007 അനുശാസിക്കുന്ന വിധത്തിൽ മെയിന്റനൻസ് ഓഫീസറടക്കം, സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തന പാരമ്പര്യമുള്ളവരും വിവിധ സംഘടനകളിൽ ഭാരവാഹിയായിട്ടുള്ളവരും നിയമപരിജ്ഞാനമുള്ളവരുമായ

12 കൺസിലിയേഷൻ ഓഫീസർമാർ ഈ ട്രൈബ്യൂണലിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവരുടെ പ്രവർത്തനം ശ്ലാഘനീയമാണെന്നും കുടുംബങ്ങളിൽ നിന്നും പിരിഞ്ഞുപോയ മുതിർന്നവരെ ബന്ധുജനങ്ങളുമായി കൂട്ടിയോജിപ്പിക്കുന്നതിനും മറ്റു സഹായങ്ങൾ ചെയ്യുന്നതിനും ഇവർ അക്ഷീണം പ്രവർത്തിച്ചുവരുന്നുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. നിലവിലുള്ള ട്രൈബ്യൂണലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും അവശരും അശരണരുമായ വൃദ്ധജനങ്ങളുടെ ആവലാതികൾ ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിനും വളരെ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കൺസിലിയേഷൻ ഓഫീസർമാരുടെ സേവനം വിലമതിക്കാനാവാത്തതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത ഓഫീസർമാർക്കായി 750 രൂപ സിറ്റിംഗ് ഫീസ് നിശ്ചയിച്ചു കൊണ്ട് സാമൂഹ്യനീതി ഡയറക്ടർ 12-12-2013-ന് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച ശിപാർശയിന്മേൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ലെന്നും ട്രൈബ്യൂണലിന് പ്രത്യേക സ്റ്റാഫ് പാറ്റേൺ ഇല്ലായെന്നും റവന്യൂ വകുപ്പിലെ ജീവനക്കാരെത്തന്നെയാണ് അവിടെയും നിയമിച്ചിരിക്കുന്നതെന്നും ആവശ്യമായ ഫണ്ടില്ലാത്തതിനാലാണ് പ്രത്യേക സ്റ്റാഫിനെ നിയമിക്കാത്തതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമാക്കിയപ്പോൾ മെയിന്റനൻസ് ട്രൈബ്യൂണലിനുവേണ്ടി പ്രത്യേകം ക്ലാർക്കിനെ നിയമിക്കേണ്ടതിന്റെയും കൺസിലിയേഷൻ ഓഫീസർമാർക്ക് ആവശ്യമായിവരുന്ന ചെലവുകൾക്ക് ഫണ്ട് അനുവദിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് സമിതിക്ക് ബോധ്യപ്പെട്ടു. മെയിന്റനൻസ് ട്രൈബ്യൂണലിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതിലും ആവശ്യമായ ഫണ്ട് അനുവദിക്കാത്തതിലും അതൃപ്തി രേഖപ്പെടുത്തിയ സമിതി, മെയിന്റനൻസ് ട്രൈബ്യൂണലിനുവേണ്ടി പ്രത്യേകമായി ക്ലാർക്കിനെ അനുവദിക്കുന്നതിനും ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിനും കൺസിലിയേഷൻ ഓഫീസർമാർക്ക് സിറ്റിംഗ് ഫീസ് നൽകുന്നതിനുൾപ്പെടെ ആവശ്യമായിവരുന്ന ചെലവുകൾക്കും ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

14. വാർത്താ മാധ്യമങ്ങളിൽനിന്നും മറ്റു മീഡിയകളിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ സ്വമേധയാ കേസുകൾ എടുക്കാറുണ്ട്. വൃദ്ധസദനങ്ങളിലും ആതുരാലയങ്ങളിലും അവശനിലയിൽ കഴിയുന്ന അന്തേവാസികൾക്ക് തങ്ങളുടെ ആവലാതികൾ ട്രൈബ്യൂണലിനെ നേരിട്ട് അറിയിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ട്രൈബ്യൂണൽ അംഗങ്ങളും കൺസിലിയേഷൻ ഓഫീസർമാരും ഇത്തരം സ്ഥാപനങ്ങൾ നേരിൽ സന്ദർശിച്ച് മുതിർന്ന പൗരന്മാരിൽനിന്നും തങ്ങളുടെ ആവലാതികൾ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കണമെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ സംരക്ഷണവും നീതിയും തേടിയെത്തുന്നത് വയോവൃദ്ധന്മാരായതിനാൽ, ഇവരുടെ ജീവിതകാലത്തുതന്നെ നീതി ലഭ്യമാക്കണമെങ്കിൽ, ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത്തരം പരാതികളിൽ അടിയന്തര പരിഗണന നൽകി, വളരെ വേഗം തീർപ്പ് കൽപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലുള്ള നടപടികൾ വേഗത്തിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മാത്രമല്ല, ട്രൈബ്യൂണൽ ഉത്തരവുകളെ ചോദ്യം

ചെയ്ത് എതിർകക്ഷികൾ മേൽ കോടതികളെ സമീപിക്കുകയോ ഉത്തരവുകൾ നടപ്പാക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങൾ വളരെയധികമുണ്ടെന്ന് കണ്ടെത്തിയ സമിതി, ഇത്തരം സാഹചര്യങ്ങളിൽ ഉത്തരവുകൾ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനും ആവശ്യമെങ്കിൽ പരാതിക്കാർക്ക് നിയമസഹായം നൽകുന്നതിനും നടപടികൾ ഉണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നു.

16. ട്രൈബ്യൂണൽ, എതിർകക്ഷികൾക്കെതിരെ ഒന്നിലധികം നോട്ടീസ് നൽകിയാലും വിചാരണയ്ക്ക് ഹാജരാകാത്ത സാഹചര്യം നിലനിൽക്കുന്നതായും ഇത്തരം സന്ദർഭങ്ങളിൽ എസ്.എച്ച്.ഒ. മുഖാന്തിരം വാറണ്ട് നടത്തുന്നതിന് ട്രൈബ്യൂണൽ അധികാരികൾ ശ്രമിക്കുമ്പോൾ, പോലീസ് വകുപ്പിൽ നിന്നും വേണ്ടത്ര സഹകരണം ലഭിക്കുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. പോലീസ് വകുപ്പിന്റെ ഇത്തരം നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, മറ്റേതുതരം കേസുകളെക്കാളും മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾക്ക് ആഭ്യന്തരവകുപ്പ് പ്രാധാന്യം നൽകണമെന്നും ട്രൈബ്യൂണൽ വിധി നടപ്പിലാക്കുന്നതിനും നോട്ടീസ് നൽകിയാലും വിചാരണയ്ക്ക് ഹാജരാകാത്ത എതിർകക്ഷികളെ അറസ്റ്റ് ചെയ്ത് ഹാജരാക്കുന്നതിനും പോലീസിന്റെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ നടപടികൾ ഉണ്ടാകണമെന്നും, ആവശ്യമെങ്കിൽ ഇതിനായി ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്നും ശിപാർശ ചെയ്യുന്നു.

17. ട്രൈബ്യൂണൽ ഓഫീസിനുമുന്നിൽ മലയാളത്തിലും ഇംഗ്ലീഷിലും ബോർഡ് സ്ഥാപിച്ചിട്ടുള്ളത് ട്രൈബ്യൂണലിന്റെ പ്രവർത്തനത്തെക്കുറിച്ച് ധാരാളം പേർക്ക് അറിവ് ലഭിക്കുന്നതിന് സഹായകമാണെന്ന് അഭിപ്രായപ്പെട്ട സമിതി, ജില്ലയിലെ വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ട്രൈബ്യൂണലിന്റെ പ്രവർത്തനത്തെക്കുറിച്ച് അറിവ് ലഭിക്കാൻ ബോർഡ് പ്രദർശിപ്പിച്ചതുകൊണ്ട് മാത്രം സാധിക്കില്ലെന്ന് നിരീക്ഷിച്ചു. ഇത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന ആവശ്യമായ പരസ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. മുതിർന്ന പൗരന്മാർക്കായി സർക്കാർ അനുവദിക്കുന്ന വിവിധതരം പെൻഷനുകൾ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമാണ്. എന്നാൽ അറിവില്ലായ്മകൊണ്ടും സഹായിക്കാൻ ആളില്ലാത്തതിനാലും മറ്റ് കാരണങ്ങൾ കൊണ്ടും അർഹതയുള്ള ധാരാളം മുതിർന്ന പൗരന്മാർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വാർദ്ധക്യകാല പെൻഷൻ പരിധി 65 വയസ്സിൽ നിന്നും 60 വയസ്സാക്കിയപ്പോൾ ജില്ലയിലെ 89 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 54701 പേർക്ക് വാർദ്ധക്യകാല പെൻഷൻ നൽകിയിട്ടുണ്ടെന്നും പ്രസ്തുത പെൻഷൻ തുക ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് വരവുവയ്ക്കുകയാണ് ചെയ്യുന്നതെന്നും യാതൊരു വീഴ്ചയും കൂടാതെ വളരെ കൃത്യമായി പെൻഷൻ നൽകിവരുന്നുണ്ടെന്നും ജില്ലാ സാമൂഹ്യനീതി ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി. അക്കാര്യത്തിൽ സംശയം പ്രകടിപ്പിച്ച സമിതി അനുവദിച്ച വാർദ്ധക്യകാല പെൻഷനുകളെല്ലാം അതാതു മാസങ്ങളിൽ കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചു. 60 വയസ്സിന് മുകളിൽ പ്രായവും, അർഹതയുമുള്ള, ജില്ലയിലെ എല്ലാ വയോജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു. സർക്കാർ വൃദ്ധസദനത്തിലും മറ്റ് ആതുരാലയങ്ങളിലും അന്തേവാസികളായ ധാരാളം പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത അന്തേവാസികൾ നിർദ്ധനരും അർഹതയുള്ളവരുമായതിനാൽ എല്ലാവർക്കും വാർദ്ധക്യകാലപെൻഷൻ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു. ഏതെങ്കിലും കാരണത്താൽ ഒരാളുടെ പെൻഷനുള്ള അപേക്ഷ നിരസിക്കുകയാണെങ്കിൽ നിരസിച്ചതിനുള്ള കാരണം അപേക്ഷകനെ സത്വരമായി അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. കണ്ണൂർ ജില്ലയിൽ 2013-14 സാമ്പത്തിക വർഷം ഓൾഡ് ഏജ് ഹോം ഗ്രാന്റ് എന്ന പദ്ധതി ഇനത്തിൽ 1205 പേർക്കായി 62,92,489 രൂപ സർക്കാർ ഗ്രാന്റ് അനുവദിച്ചുവെന്നും എന്നാൽ 2014-15 വർഷത്തിൽ പ്രസ്തുത തുക അനുവദിച്ചിട്ടില്ലെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. 2013-14 വർഷത്തിൽ വിതരണം ചെയ്തതുപോലെ 2014-15 വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും ഓൾഡ് ഏജ് ഹോം ഗ്രാന്റ് വിതരണം ചെയ്യുന്നതിനായി യഥാസമയം തുക അനുവദിക്കണമെന്നും അർഹതയുള്ള കൂടുതൽ വ്യക്തികൾക്ക് ഇത്തരം ഗ്രാന്റ് ലഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽനിന്നും 20-6-2014-ലെ സ.ഉ.(എംഎസ്.) 52/2014/ സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ ഒരു ലക്ഷം രൂപയാക്കിയത് അവശരും അശരണരുമായ ധാരാളം വൃദ്ധജനങ്ങൾക്ക് പെൻഷൻ നിഷേധിക്കപ്പെടുന്നതിന് കാരണമായെന്നും സർക്കാർ നടപടി അംഗീകരിക്കാവുന്നതല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

21. കണ്ണൂർ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു വൃദ്ധസദനവും സ്വകാര്യ വ്യക്തികളോ സംഘടനകളോ നടത്തുന്ന ഇരുപതിലധികം വൃദ്ധസദനങ്ങളും ഉള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യംമൂലം മുതിർന്ന പൗരന്മാരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നതിനാൽ നിലവിലുള്ള വൃദ്ധസദനങ്ങൾ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, ജില്ലയിലെ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ സർക്കാർ വൃദ്ധസദനങ്ങൾ സ്ഥാപിക്കണമെന്നും ഇവയുടെ സുഗമമായ പ്രവർത്തനത്തിനും അന്തേവാസികളുടെ സംരക്ഷണത്തിനുമായി ഫണ്ട് അനുവദിക്കണമെന്നും ശിപാർശ ചെയ്യുന്നു.

22. ചികിത്സയ്ക്കായി ആശുപത്രികളിലെത്തുന്ന മുതിർന്ന ജനവിഭാഗങ്ങൾക്കായി പ്രത്യേക വാർഡുകളും ക്യൂ നിൽക്കാതെതന്നെ ഡോക്ടറെ കാണുന്നതിനും മരുന്ന് വാങ്ങുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതൊന്നും ആവശ്യക്കാർക്ക് അനുഭവവേദ്യമാകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. മുതിർന്നവർക്കായി ഒരുക്കിയിട്ടുള്ള എല്ലാ സൗകര്യങ്ങളും അവർക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഡി.എം.ഒ.യുടെ നേതൃത്വത്തിൽ പരിശോധിക്കണമെന്നും ഇക്കാര്യത്തിൽ ഡി.എം.ഒ. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും കർശന നിർദ്ദേശം നൽകണമെന്നും ക്യൂ നിൽക്കേണ്ട സാഹചര്യം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. ജെറിയാട്രിക് വാർഡുകൾ താലൂക്ക് ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും എല്ലാ പി.എച്ച്.സി. സബ്സെന്ററുകളിലും എല്ലാ മാസവും അവസാന വെള്ളിയാഴ്ചകളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ടെന്നും 'സായംസന്ധ്യ' എന്ന പേരിൽ വയോജനങ്ങളുടെ കൂട്ടായ്മ വർഷത്തിലൊരിക്കൽ സംഘടിപ്പിക്കാറുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തി. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ മുതിർന്ന പൗരന്മാർക്കായി ജില്ലയിലെ 81 ഗ്രാമപഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും വൃദ്ധമെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി. ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ മുടക്കം കൂടാതെ സംഘടിപ്പിക്കണമെന്നും 'സായംസന്ധ്യ' എന്ന വയോജനങ്ങളുടെ കൂട്ടായ്മ ആറ് മാസത്തിലൊരിക്കൽ സംഘടിപ്പിക്കണമെന്നും നിലവിലുള്ളവ കൂടാതെ, കൂടുതൽ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ മുതിർന്ന പൗരന്മാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

24. കണ്ണൂർ ജില്ലയിൽ നിന്നും ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലെത്തുന്ന വയോജനങ്ങൾക്ക് വളരെയേറെ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടെന്നും ഒ.പി. വിഭാഗത്തിൽ പ്രത്യേക കൗണ്ടറും ഇരിപ്പിടവും ഒരുക്കിയിട്ടുണ്ടെന്നും കുടിവെള്ളം, വീൽചെയർ എന്നിവയും ടോയ്ലെറ്റ് സംവിധാനവും മുകളിലത്തെ നിലയിലേക്ക് പോകേണ്ടവർക്ക് ലിഫ്റ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും ലാബിലും എക്സ്റേ-സ്കാനിംഗ് സെന്ററുകളിലും കേൾവി/കണ്ണ് പരിശോധനാ സ്ഥലങ്ങളിലും പരിശോധനയ്ക്ക് വിധേയരാകുന്നതിന് മുൻഗണന ലഭിക്കുന്നുണ്ടെന്നും അനാഥരായ രോഗികളുടെ സംരക്ഷണാർത്ഥം 'കനിവ്', 'ആകാശപറവ' തുടങ്ങിയ സന്നദ്ധസംഘടനകളുടെ സേവനം ലഭിക്കുന്നുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. അനാഥരും പ്രായമേറിയവരുമായ രോഗികളെ സംരക്ഷിക്കുന്നതിന് 6 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും ആവശ്യമായ മരുന്നും ഉപകരണങ്ങളും ലാബ്/എക്സ്റേ പരിശോധനകളും പൂർണ്ണമായും സൗജന്യമാണെന്നും, രോഗിക്കും ഒരു സഹായിക്കും സൗജന്യ ഭക്ഷണം നൽകുന്നുണ്ടെന്നും ചികിത്സയ്ക്കുശേഷം അവരെ സൗജന്യമായി വീടുകളിലെത്തിക്കാറുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള മലിനജലം ഒഴുക്കികളയുന്നതിനുപകരം അത് ശുദ്ധീകരിച്ച് ഭക്ഷ്യേതരമായ ആവശ്യങ്ങൾക്ക് വീണ്ടും ഉപയോഗിക്കുന്നതിനായി ഒരു സ്വീവറേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. മുതിർന്ന പൗരന്മാരുടെ ആരോഗ്യ പരിപാലനത്തിൽ ആയുർവ്വേദ ചികിത്സാ വിഭാഗത്തിന് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ടെന്നും ഇവരുടെ ആരോഗ്യനയം രൂപപ്പെടുത്തുമ്പോൾ ആയുർവ്വേദ ചികിത്സയ്ക്ക് പ്രാധാന്യം നൽകണമെന്നും അഭിപ്രായപ്പെട്ട സമിതി കണ്ണൂർ ജില്ലയിലെ മുതിർന്ന ജനവിഭാഗങ്ങൾക്കുള്ള ആയുർവ്വേദ ചികിത്സാ സംവിധാനം അപര്യാപ്തമാണെന്ന് നിരീക്ഷിച്ചു. ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ജെറിയാട്രിക് വാർഡ് സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ദൂരസ്ഥലങ്ങളിലുള്ള വൃദ്ധജനങ്ങൾക്ക് ഇവിടെ എത്തി ചികിൽസ നേടാൻ വിവിധ കാരണങ്ങളാൽ സാധിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന് പരിഹാരമായി ജില്ലയിലെ

പഞ്ചായത്ത് പ്രദേശങ്ങളിൽ ഉൾപ്പെടെ നിലവിലുള്ള എല്ലാ സർക്കാർ ആയുർവ്വേദ ആശുപത്രികളിലും മുതിർന്ന പൗരന്മാരെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. സർക്കാർ ആയുർവ്വേദ ആശുപത്രികളിൽ മുതിർന്നവർക്കുള്ള സൗജന്യ ചികിൽസയ്ക്കായി നിലവിൽ നിശ്ചയിച്ചിരിക്കുന്ന 500 രൂപ വരുമാനപരിധി എടുത്ത് കളയണമെന്ന് അഭിപ്രായപ്പെട്ട സമിതി, എല്ലാ ആയുർവ്വേദ ആശുപത്രികളിലും എല്ലാ വിഭാഗം മുതിർന്ന പൗരന്മാർക്കും വരുമാനപരിധി പരിഗണിക്കാതെ ലാബ് പരിശോധനകൾ ഉൾപ്പെടെ സൗജന്യ ചികിൽസ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

27. ബന്ധുജനങ്ങളുടെ സഹായസഹകരണങ്ങൾ ലഭിക്കാത്തവരായും ഉപേക്ഷിക്കപ്പെട്ടവരായുമുള്ള ധാരാളം മുതിർന്ന പൗരന്മാർ ശയ്യാവലംബികളായി മാറാറുണ്ട്. ഇത്തരക്കാർക്ക് സഹായികൾ ഇല്ലാതിരിക്കുകയും ശുശ്രൂഷയ്ക്കായി ആശുപത്രികളിൽ സ്വയം എത്തിപ്പെടാൻ സാധിക്കാതെ വരികയും ചെയ്യാറുണ്ട്. ഇവരെ ചികിൽസാകേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ ചികിൽസ നൽകുന്നതിനായി പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള 108 ആംബുലൻസ് സർവ്വീസ് മാതൃകയിൽ, താലൂക്കടിസ്ഥാനത്തിൽ ലഭ്യമാകത്തക്കവിധത്തിൽ കണ്ണൂർ ജില്ലയിൽ ആംബുലൻസ് സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ജില്ലയിലെ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി, 34 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നതായും ജില്ലാ ആസ്ഥാനത്ത് സീനിയർ സിറ്റിസൺ ഡിസ്ട്രിക്ട് സർവീസ് ബ്യൂറോ സേവനമനുഷ്ഠിക്കുന്നതായും ഓരോ പോലീസ് സ്റ്റേഷനിലും വൃദ്ധജനക്ഷേമ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി എൽഡർ ഫ്രണ്ട്ലി ഓഫീസറെ നിയോഗിച്ചിട്ടുള്ളതായും ഓരോ സ്റ്റേഷൻ പരിധിയിലും ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും കുടുംബങ്ങൾക്കൊപ്പം താമസിക്കുന്നവരുടെയും സെൻസസ് സൂക്ഷിച്ചുവരുന്നതായും ജില്ലാ പോലീസ് കൺട്രോൾ റൂം കേന്ദ്രീകരിച്ച് ടോൾഫ്രീ നമ്പരോടുകൂടി ഹെൽപ്പ്ലൈൻ പ്രവർത്തിച്ച് വരുന്നതായും മുതിർന്ന പൗരന്മാർക്കുള്ള സേവന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. കണ്ണൂർ ജില്ലയിലെ മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി ജില്ലയിലെ പോലീസ് വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളും നടപടികളും കർശനമായി നടപ്പിലാക്കണമെന്നും ഓരോ താലൂക്കിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ഡിവൈ.എസ്.പി-യെ ചുമതലപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരൻമാരുടെ കണക്ക് എസ്.എച്ച്.ഒ.മാർ സൂക്ഷിക്കുന്നുണ്ടെന്നും ജില്ലയിലെ 17 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസും വിവിധ സ്കൂളുകളിലായി സ്റ്റുഡന്റ്സ് പോലീസും പ്രവർത്തിക്കുന്നുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. നീതി തേടി പരാതിയുമായി വിവിധ പോലീസ് സ്റ്റേഷനുകളിലെത്തുന്ന മുതിർന്ന പൗരന്മാരെ അവഗണിക്കുന്നതും ചിലപ്പോഴെങ്കിലും അപമാനിച്ച് ഇറക്കിവിടുന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു വിഷയമാണ്. ഈ ജനവിഭാഗങ്ങളുടെ യഥാർത്ഥ പരാതികൾപോലും നിസ്സാരവൽക്കരിക്കുകയും സാമാന്യനീതി

നിഷേധിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. മറ്റ് ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി കാലതാമസം കൂടാതെ നീതി നടപ്പിലാക്കി കിട്ടേണ്ടവരാണ് മുതിർന്ന പൗരന്മാർ എന്ന് അഭിപ്രായപ്പെട്ട സമിതി, മുതിർന്നവർക്ക് പ്രത്യേക പരിഗണന നൽകി അവർ നൽകുന്ന പരാതികളിന്മേൽ അടിയന്തരമായി അന്വേഷണം നടത്തി നീതി ലഭ്യമാക്കുന്നതിന് അധികാരികൾ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ടി. യു. കുരുവിള,

*അദ്ധ്യക്ഷൻ,*

*മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 8.